## 3

# ഒരു അഡ്വന്റിസ്റ്റുകാരനെ മാനസാന്തരപ്പെടുത്തുന്നു

**(തെക്കൻ കൊറിയ - കീ ജോ മൂൺ)**

എനിക്ക് സെവന്ത്ഡേ അഡ്വന്റിസ്റ്റ് സഭയോടുള്ള സ്നേഹം അഡ്വന്റിസ്റ്റ് ഗ്രന്ഥ സുവിശേഷകൻ എന്റെ കതകിൽ മുട്ടുന്നതിനു മുൻപ് ആരംഭിച്ചു.

ഞാൻ ഒരു പാസ്റ്റർ എന്ന നിലയ്ക്ക് മറ്റു സഭകളുടെ ഉപദേശങ്ങൾ പരിശോധിക്കുമായിരുന്നു. അങ്ങനെ സെവന്ത്ഡേ അഡ്വന്റിസ്റ്റ് സഭയുടെ ഉപദേശങ്ങളും ഞാൻ പരിശോധിച്ചു. മിക്കവാറും അഡ്വന്റിസ്റ്റ് പുസ്കങ്ങളുടെയും എഴുത്തുകാരി എലൻ ജി വൈറ്റാണ്. വർഷങ്ങൾക്കു മുൻപ് മരിച്ച ഒരു സ്ത്രീക്ക് ഇത്രമാത്രം പ്രാധാന്യം നല്കുന്നത് എന്തിനെന്ന് ഞാൻ ചിന്തിച്ചു.

അതേസമയം എന്റെ സഭയിൽ ഇല്ലാത്ത എന്തോ ഉണ്ട് എന്ന് എനിക്കു മനസ്സിലായി. സെമിനാരിയിൽ ദാനിയേലും വെളിപ്പാടും പഠിപ്പിക്കാത്തത് എന്ത് എന്നു ഞാൻ സഭയിലെ ഒരു പ്രമുഖനോട് ചോദിച്ചു. “നമുക്ക് ആ പുസ്തകങ്ങളെ കുറിച്ച് അധികമൊന്നും അറിയില്ല” എന്ന് അദ്ദേഹം മറുപടി പറഞ്ഞു.

ഞാൻ ഉത്തരം കണ്ടെത്തേണ്ട ആവശ്യത്തോടെ പല സഭാവിഭാഗങ്ങളുമായും ആശയവിനിമയം നടത്തി. തെക്കൻ കൊറിയയിൽ മൂന്ന് വിഭാഗക്കാരെ ദുരുപദേശക്കാരായി എണ്ണപ്പെട്ടിരുന്നു. യെഹോവാസാക്ഷികൾ, സെവന്ത്ഡേ അഡ്വന്റിസ്റ്റുകാർ, പുതിയ ഭൂമിയും പുതിയ ആകാശവും എന്ന മൂന്നാമത്തെ കൂട്ടരെയും. ഈ മൂന്ന് കൂട്ടരുമായും ബൈബിൾ പഠനം നടത്തി. ഒടുവിൽ സെവന്ത്ഡേ അഡ്വന്റിസ്റ്റുകാരായിരുന്നു.

അപ്പോഴാണ് ഹീ സൂക്ക് കിം എന്ന ചെറുപ്പക്കാരി പുസ്തകങ്ങളുമായി എന്റെ വാതിലിൽ മുട്ടിയത്. അഡ്വന്റിസ്റ്റുകാരി എന്ന് പരിചയപ്പെടുത്തിയപ്പോൾ ഞാൻ ദൈവത്തിന് സ്തോത്രം പറഞ്ഞു. എനിക്ക് കാണേണ്ടിയിരുന്ന കൂട്ടത്തിൽപെട്ട ഒരു ആളെയാണല്ലോ കൊണ്ടുവന്ന് എന്റെ മുന്നിൽ നിറുത്തിയിരിക്കുന്നത്.

കുമാരി കിം എനിക്കൊരു ലഘുലേഖ തന്നു. സാധാരണ ഞാൻ അവ ചുരുട്ടി എറിയാറാണ് പതിവ്. ഞാൻ അത് വായിച്ചു കിമ്മിനെ എന്റെ പക്ഷത്തു ചേർക്കാൻ സാധിച്ചാലോ എന്നു കരുതി.

**ഇതൊരു ദുരുപദേശ സംഘമാണോ?**

എന്റെ സഭ പഠിപ്പിക്കുന്നതുപോലെ അഡ്വന്റിസ്റ്റുകാർ ദുരുപദേശകരാണോ എന്നറിയുന്നതിനാണ് ഞാൻ അഡ്വന്റിസ്റ്റു സഭയിൽ പോയത്. ഞാൻ വളരെ രഹസ്യമായാണ് പോയത്. പക്ഷേ എന്റെ ബൈബിളിൽ ഒരു അഡ്വന്റിസ്റ്റു സഭയുടെ

ബുള്ളറ്റിൻ ഭാര്യ കണ്ടു. ഞങ്ങളുടെ ഇടയിൽ പ്രശ്നം ആരംഭിച്ചു. ഞാൻ എങ്ങനെ ഇനി അഡ്വന്റിസ്റ്റ് സഭയിൽ പോകും എന്ന ആശങ്കയിൽ ഇരിക്കവെയാണ് കുമാരി കിം വീണ്ടും ഞങ്ങളെ ആരോഗ്യ സെമിനാറിൽ പങ്കെടുക്കുന്നതിനു ക്ഷണിച്ചത്.

എന്റെ ഭാര്യ ഒരു പ്രസംഗം കേൾക്കാൻ കൂട്ടാക്കില്ല എന്ന് എനിക്ക് അറിയാമായിരുന്നു. അതുകൊണ്ട് ആരോഗ്യ സെമിനാർ നല്ല വേദിയായിരിക്കുമെന്ന് ഞാനും കരുതി. എന്റെ പള്ളിയിൽ ഞാൻ ഏറ്റവും മുഖ്യസ്ഥാനത്ത് ഇരിക്കുമ്പോൾ മറ്റുള്ളവർ ഭക്ഷണം വിളമ്പിത്തരും. പക്ഷേ അഡ്വന്റിസ്റ്റുസഭയിൽ പാസ്റ്റർ എല്ലാവർക്കും വിളമ്പിക്കൊടുക്കുന്നു.

ആരോഗ്യസെമിനാർ എന്റെ ഭാര്യയ്ക്ക് ഇഷ്ടമായി. അഡ്വന്റിസ്റ്റുകാരോടുള്ള കാഴ്ചപ്പാടിനു മാറ്റം വന്നു. പിന്നീട് ഞങ്ങൾ ദാനീയേലും വെളിപ്പാടും സെമിനാർ ഒരുമിച്ച് സംബന്ധിച്ചു. ഞങ്ങളുടെ പള്ളിയിൽ കൂടുതലും രസകരമായ കാര്യങ്ങളെ കുറിച്ചാണ് പാസ്റ്റർ പ്രസംഗിക്കുന്നത്. ഇവിടെ ബൈബിളിൽനിന്നു മാത്രം പ്രസംഗിക്കുന്നു.

മീറ്റിങ്ങിനുശേഷം എന്നെ സ്നാനത്തിനായി ക്ഷണിച്ചു. പക്ഷേ എന്റെ ഭാര്യ അല്പംകൂടി കാത്തിരിക്കാൻ എന്നോട് പറഞ്ഞു. ഞാൻ ഒരു പാസ്റ്റർ മാത്രമല്ല സഭയിലെ ഒരു മുതിർന്ന നേതാവും കൂടെയാണെന്ന് ഭാര്യ എന്നെ ഓർമിപ്പിച്ചു. അങ്ങനെ എന്റെ ഭാര്യയുടെ ഉപദേശം അനുസരിക്കയും സഭയുടെ പ്രസിഡന്റായി ഒരു ടേം പൂർത്തിയാക്കിയതിനുശേഷം സ്നാനപ്പെടാം എന്ന് തീരുമാനിച്ചു.

സ്നാനം മാറ്റിവച്ച ശബ്ബത്ത് കഴിഞ്ഞപ്പോൾ ഒരു വിശ്വാസി എന്റെ ഭവനത്തിൽ വന്ന് എന്നെ സ്നാനപ്പെടാൻ പ്രോത്സാഹിപ്പിച്ചു. എന്റെ ഭാര്യയോടും സംസാരിച്ചു.

ഞാൻ പ്രാർത്ഥിക്കാം. ദൈവഹിതമാണെങ്കിൽ ഞങ്ങൾ സ്നാനപ്പെടാം എന്ന അലസമായ മറുപടി എന്റെ ഭാര്യ പറഞ്ഞു.

പക്ഷേ എന്റെ ഭാര്യ കലണ്ടർ നോക്കി ഫെബ്രുവരി 4 സ്നാനത്തിന് അനുയോജ്യമാണെന്ന് കണ്ടെത്തി. ഞാൻ അത്ഭുതപ്പെട്ടുപോയി. കാരണം ഒരാഴ്ചയ്ക്ക് മുൻപ് പിന്നീട് സ്നാനത്തെക്കുറിച്ച് ചിന്തിക്കാം എന്ന് പറഞ്ഞ ഭാര്യതന്നെ അടുതത് ദിവസത്തിൽ സ്നാനത്തിനു തീയതി കുറിക്കുന്നു.

ഫെബ്രുവരി 2017 ൽ സ്നാനപ്പെട്ടതിനുശേഷം എന്റെ ജീവിതം സന്തോഷം കൊണ്ട് നിറഞ്ഞു. എല്ലാ ശബ്ബത്തിലും നല്ല നല്ല പ്രസംഗങ്ങൾ കേൾക്കാൻ ഞാൻ കൊതിക്കുന്നു.

അഡ്വന്റിസ്റ്റ് ഗ്രന്ഥ സുവിശേഷകിയെ മാനസാന്തരപ്പെടുത്താൻ ഞാൻ ശ്രമിച്ചു. പക്ഷേ ഞാൻ മാനസാന്തരപ്പെട്ടു. ദൈവം എത്ര വലിയവൻ.

◈ ◈ ◈